**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 87** **29-01-2024 - ൽ മറുപടിയ്ക്ക്**

**സൈനിക ക്ഷേമ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സൈനിക ക്ഷേമ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ നിയമനം കേന്ദ്ര സർക്കാരിന്റെ നിർദേശ പ്രകാരം ഉന്നത സൈനിക ഓഫീസർമാർക്കായി നീക്കി വച്ചിരിക്കുന്നതിനാലും പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലായതിനാലും ഡയറക്ടറെ കൂടാതെ എത്ര ജില്ലാ ഓഫീസർമാരുടെ ഒഴിവുകളാണ് നിലവിൽ ഉള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | സൈനിക ക്ഷേമ വകുപ്പിൽ ഡയറക്ടറുടെ ഒഴിവ് കൂടാതെ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 7 ജില്ലാ സൈനിക ക്ഷേമ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | വിമുക്ത ഭടൻമാർക്ക്/വിധവകൾക്ക്/ആശ്രിതർക്ക് ലഭിക്കുന്ന സേവനങ്ങളിൽ തടസ്സം/താമസം നേരിടാതിരിക്കുവാൻ നിലവിൽ 2 ജില്ലാ ഓഫീസർമാർക്ക് സ്ഥാനക്കയറ്റം നൽകിയ വ്യവസ്ഥയിൽ മറ്റ് അർഹരായ ഉദ്യോഗസ്ഥർക്ക് കൂടി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഒഴിവുള്ള ജില്ലാ ഓഫീസർമാരുടെ തസ്തികകൾ നികത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിലേയ്ക്ക് താത്കാലിക പ്രൊമോഷനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ആറു മാസത്തിൽ കുറവ് സേവനകാലം ബാക്കിയുള്ളവർക്ക് താൽക്കാലികാടിസ്ഥാനത്തിൽ അർഹമായ പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) | ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിലേയ്ക്ക് താത്കാലിക പ്രൊമോഷനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ